മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (കേരളം)
മൂന്നാം ഫ്ലോർ, റവന്യൂ കോംപ്ലക്സ്, പബ്ലിക് ഓഫീസ് കോംപൗണ്ട്,
തിരുവനന്തപുരം -33
ഫോൺ: 0471-2313385, 1800 425 1004 (Helpline),ഫാക്സ്: 0471-2312385
ഇ-മെയിൽ: mgnrega.kerala@gov.in, mgnregakerala@gmail.com

---

തീയതി : 22/03/2023

# സർക്കുലർ

വിഷയം: മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (കേരളം) - തൊഴിലുറപ്പ് പദ്ധതിയിൽ വേതനം കൈപ്പറ്റിയ ഗ്രാമ പഞ്ചായത്ത് അംഗങ്ങൾ പഞ്ചായത്ത് യോഗത്തിൽ പങ്കെടുത്ത് ബത്ത കൈപ്പറ്റിയത് - സംബന്ധിച്ച്.

സൂചന: 1. 04-02-2023 തീയതിയിലെ ബഹു.മുഖ്യമന്ത്രിയുടെ ഓഫീസിൽ നിന്നുമുള്ള 227/2023/PS/CM നം. കത്ത്.

തൊഴിലുറപ്പ് പദ്ധതി പ്രവൃത്തികളിൽ ഗ്രാമ പഞ്ചായത്ത് ജനപ്രതിനിധികൾ തൊഴിലുറപ്പ് ജോലി ചെയ്യാതെ മേറ്റിനെ സ്വാധീനിച്ച് കൂലി കൈപ്പറ്റുന്നതായും, ഒരേ ദിവസം തന്നെ തൊഴിലുറപ്പ് ജോലി ചെയ്തതായി മാസ്റ്റർ റോളിൽ ഒപ്പിടുകയും എന്നാൽ അതെ സമയം ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയിൽ പങ്കെടുക്കുകയും ചെയ്യുന്ന തരത്തിലുള്ള ക്രമക്കേടുകൾ നടക്കുന്നതായി സോഷ്യൽ ഓഡിറ്റിലൂടെയും ഓമ്പുഡ്സ്മാൻ അന്വേഷണത്തിലും റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. ജനപ്രതിനിധികൾ വ്യക്തിപരമായ സാമ്പത്തിക നേട്ടത്തിനായി ഇപ്രകാരം ക്രമക്കേടിൽ ഏർപ്പെടുന്നത് ഗുരുതരമായി കാണുന്നു. ഇത്തരം പ്രവണതകൾ തൊഴിലുറപ്പുപദ്ധതിയെ സംബന്ധിച്ചും ജനപ്രതിനിധികളെ സംബന്ധിച്ചും പൊതുജനങ്ങളുടെ ഇടയിൽ അവമതിപ്പിനു കാരണമായിത്തീരും. മാത്രവുമല്ല തൊഴിലുറപ്പുപദ്ധതിയിൽ ജോലി ചെയ്യുന്ന മറ്റു തൊഴിലാളികൾക്ക് തെറ്റായ സന്ദേശം നല്കുന്നതിനും ഇതു ഇടയാക്കും. ആയതിനാൽ ഇത്തരം ഗുരുതരമായ ക്രമക്കേടുകൾ ആവർത്തിക്കാതിരിക്കുന്നതിനായി ചുവടെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. തൊഴിലുറപ്പ് പദ്ധതി നിയമ പ്രകാരം ജനപ്രതിനിധികൾ ഉൾപ്പെടെ ആർക്കും തന്നെ രജിസ്റ്റർ ചെയ്ത് തൊഴിൽ ചെയ്യുന്നതിൽ തടസ്സം ഇല്ലാത്തതാണ്. എന്നാൽ ജനപ്രതിനിധികൾ ഉൾപ്പെടെ തൊഴിൽ ചെയ്യുന്ന എല്ലാവർക്കും തൊഴിലാളികൾ എന്ന നിലയിൽ ഒരേ അവകാശങ്ങൾ മാത്രമാണ് ഉള്ളത്. തൊഴിൽ സമയത്ത് ഹാജർ രേഖപ്പെടുത്തതിയ ശേഷം പ്രവൃത്തി സമയം മുഴുവൻ ഹാജർ ഉണ്ടാകേണ്ടത് തൊഴിലാളികളുടെ ഉത്തരവാദിത്തമാണ്. അതുപോലെ തന്നെ പ്രധാനമാണ് നിശ്ചിത അളവ് പ്രകാരമുള്ള പ്രവൃത്തി ചെയ്തിരിക്കണം എന്നതും. തൊഴിലാളികൾ ചെയ്യുന്ന പ്രവൃത്തിയുടെ അളവിന്റെ അടിസ്ഥാനത്തിൽ മാത്രമേ കൂലി നൽകുവാൻ പാടുള്ളൂ എന്നിരിക്കെ മസ്റ്റർ റോളിൽ ഹാജർ രേഖപ്പെടുത്തിയ ശേഷം തൊഴിൽ ചെയ്യാതെ കൂലി വാങ്ങുന്നതും എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തി നടത്താതെ കൂലി നൽകുന്നതും ഗുരുതരമായ വീഴ്ചയാണ്.

2. തൊഴിലുറപ്പ് പദ്ധതി പ്രവൃത്തി സ്ഥലങ്ങളിൽ മസ്റ്റർ റോളിൽ ഒപ്പിട്ട തൊഴിലാളികൾ പ്രവൃത്തി സമയത്ത് ഉണ്ട് എന്ന് ഉറപ്പാക്കുന്നതിന് കർശനമായ ഫീൽഡ് പരിശോധന ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നടത്തേണ്ടതും പ്രവൃത്തി സ്ഥലത്ത് ഹാജർ ഉള്ളവരെ പേര് വിളിച്ച് ഹാജർ ഉണ്ടെന്ന ഉറപ്പുവരുത്തേണ്ടതും ഹാജർ ഇല്ലാത്തവരെ absent

അടയാളപ്പെടുത്തേണ്ടതും ആണ്. കൂടാതെ ഹാജർ ഇല്ലാത്ത തൊഴിലാളികൾക്ക് ഹാജർ രേഖപ്പെടുത്തിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെടുന്ന പക്ഷം ആ വിവരം സൈറ്റ് ഡയറിയിൽ രേഖപ്പെടുത്തേണ്ടതും ചുമതലയുള്ള മേറ്റിനെതിരെ ഉചിതമായ നടപടി സ്വീകരിക്കാൻ ശുപാർശ ചെയ്യേണ്ടതുമാണ്.

3. പ്രവൃത്തി സ്ഥലത്തിന്റെ കൃത്യമായ മേൽ നോട്ടം വഹിക്കാതിരിക്കുകയും വിവിധതരം ക്രമക്കേടുകൾക്ക് കൂട്ടുനിൽക്കുകയും ചെയ്യുന്ന മേറ്റ്മാരെ ബ്ലാക്ക് ലിസ്റ്റ് ചെയ്യേണ്ടതും അവരെ സ്ഥിരമായി മേറ്റ് പദവിയിൽ നിന്നും ഒഴിവാക്കുവാൻ നിയമാനുസരണ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

4. സാങ്കേതിക പരിശോധന നടത്തുന്ന ഉദ്യോഗസ്ഥർ എസ്റ്റിമേറ്റ് പ്രകാരമുള്ള അളവിനുള്ള പ്രവൃത്തി നടന്നിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തണം . ഇതിൽ വീഴ്ച സംഭവിച്ചിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ട സാങ്കേതിക ജീവനക്കാരുടെ ബാധ്യതയായി ഇതിനെ കണക്കാക്കി തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

5. സോഷ്യൽ ഓഡിറ്റ്, ഓംബുഡ്സ്പേഴ്സൺ എന്നിവരുടെ പരിശോധനാ വേളയിൽ ഹാജർ രേഖപെടുത്തി തൊഴിൽ സ്ഥലത്ത് ഹാജർ ആകാത്ത തൊഴിലാളികൾക്ക് വേതന വിതരണം നടത്തിയിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. പഞ്ചായത്തിലെ ജനപ്രതിനിധികൾ തൊഴിലുറപ്പപദ്ധതിയിൽ ജോലി ചെയ്തിട്ടുള്ള സംഗതിയിൽ ഇക്കാര്യം സൂക്ഷമമായ പരിശോധനക്ക് വിധേയമാക്കണം. അങ്ങനെ വേതനം വാങ്ങിയിട്ടുള്ളവരിൽ നിന്നും തുക തിരികെ ഈടാക്കേണ്ടതാണ് . ജനപ്രതിനിധികൾ ഇപ്രകാരം ചെയ്തിട്ടുണ്ടെങ്കിൽ ആയത് ഗുരുതരമായ അധികാര ദുർവിനിയോഗമായി കാണേണ്ടതും തുക തിരിച്ചടപ്പിക്കുന്നതിൽ മാത്രമായി നടപടി അവസാനിപ്പിക്കാൻ പാടില്ലാത്തതും അധികാര ദുർവിനിയോഗവും സാമ്പത്തിക ക്രമക്കേടും കാണിച്ചതിന് മറ്റു തരത്തിലുള്ള നിയമ നടപടികൾ സ്വീകരിക്കുന്നതിനു വേണ്ടി സർക്കാരിലേക്ക് വ്യക്തമായ ശുപാർശ സമർപ്പിക്കേണ്ടതുമാണ്.

6. തൊഴിൽ സ്ഥലത്തെ അനാവശ്യ പ്രവണതകളെ സംബന്ധിച്ച് പൊതു ജനങ്ങൾക്ക് ഓംബുഡ്സ്പേഴ്സൺ മാർക്ക് പരാതി നൽകാവുന്നതാണ്. ഇപ്രകാരം പരാതി നൽകാൻ കഴിയുമെന്നുള്ളത് സംബന്ധിച്ച വ്യാപക പ്രചരണം ഗ്രാമ / ബ്ലോക്ക് / ജില്ലാ തലങ്ങളിൽ സംഘടിപ്പിക്കേണ്ടതാണ്.

**മേൽ നിർദ്ദേശങ്ങൾ ഫീൽഡ് തലത്തിൽ കർശനമായി പാലിക്കപ്പെടുന്നു എന്നു ജില്ലാ പ്രോഗ്രാം കോർഡിനേറ്റർമാരും ബ്ലോക്ക് പ്രോഗ്രാം ഓഫീസ്സർമാരും ഉറപ്പാക്കേണ്ടതാണ്.**

ANU KUMARI IAS
MISSION DIRECTOR

പകർപ്പ് :

1. എല്ലാ ജില്ലാ പ്രോഗ്രാം കോർഡിനേറ്റർമാർക്കും ജോയിന്റ് പ്രോഗ്രാം കോർഡിനേറ്റർമാർക്കും
2. എല്ലാ ഒമ്ബുട്സ്പേർസൺ മാർക്കും
3. എല്ലാ BPO മാർക്കും
4. എല്ലാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി മാർക്കും
5. ഡയറക്ടർ, സോഷ്യൽ ആഡിറ്റ് കേരള (അറിവിനും അനന്തര

നടപടികൾക്കും വേണ്ടി)